**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2449** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷേമ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. പി. ടി. എ. റഹീം | ശ്രീ. വി. ഡി. സതീശൻ<br>(മുഖ്യമന്ത്രി) |

**(എ)** ക്ഷേമ പെൻഷൻ നൽകുന്നതിന് നിലവിലുള്ള അർഹത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ, സ്പഷ്ടീകരണങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലേയും, പ്രസ്തുത തീയതിയ്ക്ക് ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/ സർക്കുലറുകൾ എന്നിവയിലെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്ഷേമ പെൻഷനുകൾ അനുവദിച്ച് വരുന്നത്. 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന ഉത്തരവിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.

**(ബി)** നിർദ്ധന കുടുംബത്തിലെ അംഗമെന്ന നിലയിൽ പെൻഷൻ കൈപ്പറ്റി വരികയും കുടുംബത്തിലെ അംഗം 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള വീട് നിർമ്മിക്കുകയും ചെയ്യുന്നപക്ഷം പെൻഷൻ തടയപ്പെടുന്ന വയോധികരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകി പെൻഷൻ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹരായവർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അർഹരായവർക്ക് മാത്രം പെൻഷനുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് കൊണ്ടുള്ള 23.09.2020 ലെ സ.ഉ.(എം.എസ്)നമ്പർ 97/2020/ധന ഉത്തരവ് പ്രകാരം 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ , താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ , കുടുംബത്തിൽ 1000 സി.സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി വാഹനങ്ങൾ ഉള്ളവർ എന്നിവർ മെച്ചപ്പെട്ട

ഭൗതിക സാഹചര്യങ്ങളുള്ളവരുടെ ഗണത്തിൽപ്പെടുന്നതാണ് . കൂടാതെ നിർദ്ധന കുടുംബത്തിലെ അംഗമെന്ന നിലയിൽ പെൻഷൻ കൈപ്പറ്റി വരികയും കുടുംബത്തിലെ അംഗം 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള വീട് നിർമ്മിക്കുകയും അവർ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരുമാണെങ്കിൽ അവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ളവരുടെ ഗണത്തിൽപ്പെടുന്നതാണ്. ഇത്തരത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെട്ട കാരണത്താൽ പെൻഷൻ തടയപ്പെട്ട വയോധികർക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ നിലനിർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല .

**സെക്ഷൻ ഓഫീസർ**